# പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ നിന്നും പരസ്യപ്പെടുത്തുന്നത്.

തൃപ്പൂണിത്തുറ ശ്രീ പൂർണ്ണത്രയീശ ക്ഷേത്രത്തിലെ 1201 എം.ഇ. വൃശ്ചികോത്സവത്തോടനുബന്ധിച്ച് 19/11/2025 ൽ കൊടികയറി 26/11/2025 ൽ ആറാട്ടായി അവസാനിക്കുന്നതിനോടനുബന്ധിച്ച് ഉത്സവ കാലത്ത് ക്ഷേത്രത്തിന്റെ പടിഞ്ഞാറെ ഗോപുരത്തിൽ നിന്നും നിശ്ചിത പരിധിക്കപ്പുറത്ത് ഉത്സവ ചടങ്ങുകൾക്കും, ദേവസ്വം ഓഫീസുകൾക്കും, ക്ഷേത്രത്തിൽ എത്തുന്ന ഭക്തജനങ്ങൾക്കും തടസ്സം വരാത്ത തരത്തിൽ ദേവസ്വം നിശ്ചയിക്കുന്ന സ്ഥലത്ത് 8 ദിവസം ചില്ലറ കച്ചവടം നടത്തുന്നതിനുള്ള അവകാശം ലേലം ദേവസ്വം അസിസ്റ്റന്റ് കമ്മിഷണർ (എസ്റ്റേറ്റ്) ന്റെസാന്നിദ്ധ്യത്തിൽ **13/11/2025** ഉച്ചക്ക് **2.00** മണിക്ക് പരസ്യ ലേലത്തിലൂടെ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 5000/-ക(അയ്യായിരം) നിരതദ്രവ്യം അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതും, സ്ഥലത്തും സമയത്തും ഹാജരാകേണ്ടതും ആകുന്നു.

ലേലം ഏറ്റവും കൂടുതൽ സംഖ്യയ്ക്ക് വിളിക്കുന്ന ആളുടെ പേരിൽ 3 വാക്ക് വിളിച്ച് ഉറപ്പിക്കുന്നതും, ലേലക്കാരൻ ലേല സംഖ്യ തത്സമയം തന്നെ ദേവസ്വത്തിൽ അടച്ച് രശീതി വാങ്ങേണ്ടതുമാണ് ഇപ്രകാരം ലേലം കൊണ്ടയാൾ ലേലസംഖ്യ അടക്കാതെ വരുന്ന സാഹചര്യത്തിൽ വിളിച്ച ആളുടെ തൊട്ടു മുൻപുള്ള ആളുടെ കൂടി നിരതദ്രവ്യം ലേലം കൊണ്ട ആൾ അടച്ചതിനു ശേഷം മാത്രമേ നിരതദ്രവ്യം മടക്കി കൊടുക്കുകയുള്ളു. ടി. സ്ഥലത്തേക്ക് കറന്റ് കണക്ഷൻ ആവശ്യമുള്ള പക്ഷം ടി. ലേലം കൊണ്ട ആൾ സ്വന്തം ഉത്തരവാദിത്വത്തിലും, ചിലവിലും കറന്റ് കണക്ഷൻ എടുക്കേണ്ടതാണ്. കൂടാതെ സർക്കാരിലേക്കൊ മറ്റോ ഏതെങ്കിലും വിധത്തിലുള്ള സംഖ്യ അടയ്ക്കേണ്ടി വന്നാൽ , ആയത് ലേലക്കാരന്റെ സ്വന്തം ഉത്തരവാദിത്വത്തിൽ അടയ്ക്കേണ്ടതാണ്. ഹോട്ടൽ, ചായ, ചെറുകടികൾ എന്നിവക്ക് സ്റ്റാളുകൾ അനുവദിക്കുന്നതല്ല. സ്റ്റാൾ ലേലത്തിൽ എടുക്കുന്നവർ അവരവരുടെ സ്വന്തം ഉത്തരവാദിത്വത്തിലും ചിലവിലും മാലിന്യങ്ങൾ നീക്കം ചെയ്യേണ്ടതാണ്. ലേല സംഖ്യയും ജി.എസ്.ടി യും ലേല ദിവസം തന്നെ തൃപ്പൂണിത്തുറ ദേവസ്വത്തിൽ അടക്കേണ്ടതാണ് .ലേലത്തെ പറ്റി കൂടുതൽ എന്തെങ്കിലും അറിയേണ്ടവർ ഈ ഓഫീസിലൊ പ്രവർത്തിസമയങ്ങളിൽ, തൃപ്പൂണിത്തുറ അസ്സിസ്റ്റന്റ് കമ്മീഷണർ ഓഫീസ്സിലോ തൃപ്പൂണിത്തുറ ദേവസ്വം ഓഫിസിലൊ പ്രവർത്തി സമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്. ലേലം ദേവസ്വത്തിന് ഗുണകരമല്ലെന്ന് കണ്ടാൽ ലേലം വേണ്ടെന്നു വയ്ക്കുന്നതിനും മറ്റ് യുക്തമായ തീരുമാനങ്ങൾ എടുക്കുന്നതിനും താഴെ ഒപ്പിടുന്നയാൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

തൃശ്ശൂർ

7.11.25

ദേവസ്വം അസിസ്റ്റന്റ് കമ്മിഷ്ണർ (എസ്റ്റേറ്റ്)

C.D.B